# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**



# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം
# ആലപ്പുഴ-688001

**ഇ-മെയിൽ: ddhglfalpy@gmail.com**

**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/ബിപി - 587/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 08/08/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന

ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .(എയിംസ് മുഖേന)
2) ജോയിന്റ് ഡയറക്ടർ, എൽ.എസ്.ജി.ഡി, ആലപ്പുഴ
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/ബിപി - 587/2024 തീയ്യതി: 08/08/2024

# ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ

മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിജയകുമാർ.എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 10-06-2024 | 15-06-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-06-2024 | 15-06-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി രാജി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബു.എ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. എസ് രജനി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ദിൽഷാദ് ഇ | സെക്രട്ടറി | 01-04-2023 | 07-06-2023 |
| ശ്രീ. സി വി അജയകുമാർ | സെക്രട്ടറി | 08-06-2023 | 31-03-2024 |
| ശ്രീമതി. ഷീബ | സി.ഡി.പി.ഒ | 01-04-2023 | 31-03-2024 |
| ശ്രീമതി. ഡി ജലജ | പട്ടിക ജാതി വികസന ഓഫീസർ | 01-04-2023 | 31-05-2023 |
| ശ്രീ. ആർ രാജേഷ് | പട്ടിക ജാതി വികസന ഓഫീസർ | 01-06-2023 | 31-03-2024 |
| ഡോ അനിൽകുമാർ | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി) | 01-04-2023 | 31-03-2024 |
| ശ്രീമതി. പി രജനി | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | 01-04-2023 | 31-03-2024 |
| ശ്രീ. വി അശോകൻ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി. അനുപമ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, എൽ.എസ്.ജി.ഡി | 01-04-2023 | 19-10-2023 |
| ശ്രീമതി. രേഖ ആർ ചന്ദ്രൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, എൽ.എസ്.ജി.ഡി | 20-10-2023 | 31-03-2024 |
| ശ്രീമതി. രമ്യ കെ ആർ | അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി | 01-04-2023 | 12-07-2023 |
| ഒഴിവ് | | 13-07-2023 | 19-07-2023 |
| ശ്രീമതി. ദിവ്യശ്രീ എം ആർ | അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി | 20-07-2023 | 31-03-2024 |
| ശ്രീ.വിനോദ് കുമാർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | സി.എഫ്.സി ഗ്രാന്റ് (അൺടൈഡ്) - ഓപ്പണിംഗ് ബാലൻസ് തുകയിൽ വലിയ തുക കറക്ഷൻ വരുത്തി - തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല | 1-1-3 |
| 5 | ബ്ലോക്ക് പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം കാലികമാക്കിയിട്ടില്ല | 1-1-4 |
| 6 | ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ അടിസ്ഥാന രേഖകളില്ല | 1-1-5 |
| 7 | ഡെപ്പോസിറ്റ് രജിസ്റ്റർ - വർഷാന്ത്യ സംക്ഷിപ്തം തയ്യാറാക്കിയില്ല, തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല | 1-1-6 |
| 8 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് - ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല | 1-1-7 |
| 9 | വികസന ഫണ്ട് (ജനറൽ) - ചെലവ് തുക പൊരുത്തമില്ല | 1-1-8 |
| 10 | സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകകൾ ലയബിലിറ്റി ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റെസീറ്റ് ആൻഡ് പേയ്മെന്റ് അക്കൌണ്ട് പ്രകാരം) | 1-3 |

| | | |
|---|---|---|
| 13 | ഗ്രാന്റ് വിനിയോഗം (വാർഷിക കണക്കുകൾ പ്രകാരം) | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | പ്രോജക്ട് ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് മിനി ഓപ്പറേഷൻ തീയറ്ററിന് പകരം റെക്കോഡ് റൂം നിർമ്മിച്ചു | 1-10 |
| 20 | NSS കരയോഗം - മേളയ്ക്കാട്ട് അയ്യത്ത് ഏലാ റോഡ് ടാറിംഗ് പ്രവൃത്തി -ബാലൻസ് തുക കണക്കാക്കിയതിൽ അപാകത -പ്രവൃത്തി മൂല്യത്തേക്കാൾ അധികമായി കരാറുകാരന് തുക കൈമാറി | 1-11 |
| 21 | വനിതാ സ്വയംതൊഴിൽ സംരംഭങ്ങൾ - സബ്സിഡി അനുവദിച്ചെങ്കിലും സംരംഭങ്ങൾ ആരംഭിച്ചില്ല | 1-12 |
| 22 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയവർ നിലവിലും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-13 |
| 23 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ - പ്രോജക്ടുകൾ ഭൂരിഭാഗവും നടപ്പായില്ല - പദ്ധതി ചെലവ് 10.5% മാത്രം | 1-14 |
| 24 | കാർഷിക പരിശീലന കേന്ദ്രം - കെട്ടിടം ഉദ്ഘാടനം ചെയ്തില്ല | 1-15 |
| 25 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ - ലോഗ് ബുക്കിൽ രേഖപ്പെടുത്തൽ അപൂർണ്ണം | 1-16 |
| 26 | ഭിന്നശേഷിക്കാർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ- ഗുണഭോക്താക്കൾ ലൈസൻസ് ഹാജരാക്കിയില്ല | 1-17 |
| 27 | ടേക്ക് എ ബ്രേക്ക് പദ്ധതി- ഗ്രാമപഞ്ചായത്ത് തുക ചെലവഴിച്ചില്ല | 1-18 |

| | | |
|---|---|---|
| 28 | ബില്ലിൽ നിന്നും കുറവ് ചെയ്ത ടാർ വീപ്പയുടെ വില സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-19 |
| 29 | സാമൂഹ്യാരോഗ്യകേന്ദ്രത്തിലേയ്ക്ക് ഹെൽത്ത് ഗ്രാന്റ് മുഖേന ഉപകരണങ്ങൾ വാങ്ങൽ- ലക്ഷ്യം കൈവരിച്ചില്ല | 1-20 |
| 30 | ആർ.ആർ.എഫ് - ബെയിലിംഗ് യൂണിറ്റ് പ്രവർത്തനക്ഷമം, ഷ്രെഡ്ഡിംഗ് മെഷീൻ നിഷ്ക്രിയാവസ്ഥയിൽ | 1-21 |
| 31 | സി.എച്ച്.സി – മരുന്നുകളും ഉപകരണങ്ങളും ലഭ്യമായില്ല | 1-22 |
| 32 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി ജീവനക്കാരുടെ സേവനവിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നില്ല. | 1-23 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പ്രോജക്ട് ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് മിനി ഓപ്പറേഷൻ തീയറ്ററിന് പകരം റെക്കോഡ് റൂം നിർമ്മിച്ചു | 3-1 |
| 2 | NSS കരയോഗം - മേളയ്ക്കാട്ട് അയ്യത്ത് ഏലാ റോഡ് ടാറിംഗ് പ്രവൃത്തി -ബാലൻസ് തുക കണക്കാക്കിയതിൽ അപാകത -പ്രവൃത്തി മൂല്യത്തേക്കാൾ അധികമായി കരാറുകാരന് തുക കൈമാറി | 3-2 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിലെ വിവരം | 4-7 |
| 8 | ചാർജ്ജ്, സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I)1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാ (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാ ഗവൺമെൻറ്/കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസിക എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്ക നിർദ്ദേശങ്ങളും അനുസരിച്ച് 03.05.2024-ലെ 1(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 03-0 24 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഭരണിക്കാവ് ബ്ലോക പഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെൻറ് എന്നിവയും 31.03.2024 തീയത വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡി ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന് മാനേജ്മെൻറിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്ത

II)കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിം മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമാ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളു വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റി

ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമാ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണ വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമാ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയു അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയു അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായ ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തി വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തി പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചു സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ട

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്ട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. Prior Period ആയി ക്രമീകരിച്ച ഇനങ്ങളുടെ ആധികാരികത (ഷെഡ്യൂൾ I-18) നോട്ട്സ് ഓൺ അക്കൗണ്ടിലൂടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (9504851/-) പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (6327601/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 സി.എഫ്.സി ഗ്രാന്റ് (അൺടൈഡ്) - ഓപ്പണിംഗ് ബാലൻസ് തുകയിൽ വലിയ തുക കറക്ഷൻ വരുത്തി - തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല

സി.എഫ്.സി ഗ്രാന്റിന്റെ (അൺടൈഡ്) മുൻ വർഷ ക്ലോസിംഗ് ബാലൻസായ 1709658 നോടൊപ്പം 2104540/-രൂപ കറക്ഷൻ എൻട്രിയായി ചേർത്ത് ഓപ്പണിംഗ് ബാലൻസ

കണക്കാക്കിയിരിക്കുന്നു. കറക്ഷൻ വരുത്തിയ തുകയുടെ ആധികാരിക
പരിശോധിക്കാനായിട്ടില്ല.

## 1-1-4 ബ്ലോക്ക് പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം കാലികമാക്കിയിട്ടില്ല

26/07/2011-ലെ ജി.ഒ(എം.എസ്)152/2011- ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ബ്ലോക പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്ക സൂക്ഷിച്ചിട്ടില്ല.

## 1-1-5 ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ അടിസ്ഥാന രേഖകളില്ല

31/03/2024 തീയതിയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖക ലഭ്യമല്ല.

## 1-1-6 ഡെപ്പോസിറ്റ് രജിസ്റ്റർ - വർഷാന്ത്യ സംക്ഷിപ്തം തയ്യാറാക്കിയില്ല, തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച വിവിധ നിക്ഷേപങ്ങളുടെ (B4 ഷെഡ്യൂൾ) വര ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഓപ്പണിംഗ് ബാലൻസ്, വര തിരികെ നൽകിയത്, ബാലൻസ് എന്ന മാതൃകയിൽ വർഷാന്ത്യ സംക്ഷിപ്ത തയ്യാറാക്കുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ കാലാവ കഴിഞ്ഞ ഡെപ്പോസിറ്റുകൾ തിരികെ നൽകിയതായോ മുതൽ കൂട്ടിയതായോ രജിസ്റ്ററി രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ അഭാവത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

## 1-1-7 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് - ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല

ഓഡിറ്റ് വർഷം പല പ്രവൃത്തികൾക്കും പാർട്ട് ബില്ലായി തുക നൽകിയിട്ടുണ്ടെങ്കിലും ഭ തുകകൾ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല (ഉദാ. പ്രോജം നം.60/2024, ടോയ്ലെറ്റ് സമുച്ചയം സ്ഥാപിക്കൽ, ചെലവ്-148495/-). രജിസ്റ്റർ സൂക്ഷിച ഇടപാടുകൾ നിരീക്ഷിക്കാത്തതിനാൽ പാർട്ട് ബില്ലും ക്രമീകരണവും കൃത്യമാ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നുണ്ടോയെന്ന് ഉറപ്പ് വരുത്താനായിട്ടില്ല.

## 1-1-8 വികസന ഫണ്ട് (ജനറൽ) - ചെലവ് തുക പൊരുത്തമില്ല

വികസന ഫണ്ട് (ജനറൽ) ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ആകെ ചെലവ് 18163427/- രൂപയാണ്. എന്നാൽ സുലേഖ പത്രിക പ്രകാരം ആകെ ചെലവ് 19273014 രൂപയാണ്. ചെലവ് തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-9 സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകകൾ ലയബിലിറ്റി ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല

വിവിധ പ്രവൃത്തികൾക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ വരവുണ്ടെങ്കിലു ബാലൻസ് ഷീറ്റിൽ (ബി-9) ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ കാലാവധ കഴിഞ്ഞ ഡെപ്പോസിറ്റുകൾ തിരികെ നൽകിയതായോ മുതൽ കൂട്ടിയതായോ രജിസ്റ്ററിര രേഖപ്പെടുത്തിയിട്ടില്ല.

അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പി (നം.5/2023-24/13.06.2024)അപാകത പരിഹരിക്കുമെന്ന് അറിയിച്ചു. അപാകത ഭാവിയിര ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് 30.03.2023 ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജ
പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 106477981 | 104007335 |
| വാർഷിക കണക്ക് പ്രകാരം | 45615176 | 55324624 |

## 1-3 സാമ്പത്തിക വിശകലനം (റെസീറ്റ് ആൻഡ് പേയ്മെന്റ് അക്കൌണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13842050 |
| വരവ് | 59789180 |
| ആകെ | 73631230 |
| ചെലവ് | 53461579 |
| നീക്കിയിരിപ്പ് | 20169651 |

## 1-4 ഗ്രാന്റ് വിനിയോഗം (വാർഷിക കണക്കുകൾ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് (I-6+Capital Contribution) | ലാപ്സായ തുക |
|---|---|---|---|---|---|
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | | | 26369000 | 26369000 | 18163427 | 8205573 |
| വികസനഫണ്ട് (എസ്.സി.പി) | | | 24242000 | 24242000 | 15316856 | 8925144 |
| വികസനഫണ്ട് (ടി.എസ്.പി) | | | 139000 | 139000 | 92600 | 46400 |
| സംരക്ഷണഗ്രാന്റ് (റോഡ്) | | | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | | | 2850600 | 2850600 | 2743302 | 107298 |
| ഹെൽത്ത് ഗ്രാന്റ് | | 0 | 2779249 | 2779249 | 1357753 | 1421496 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ടൈഡ് (ബാങ്ക്) | 5202399 | 3274500 | 8476899 | 1500000 | 6976899 |
| | അൺ ടൈഡ് (ബാങ്ക്) | 3814198 | 4693871 | 8508069 | 930552 | 7577517 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയത് ശതമാനം |
|---|---|---|---|---|---|---|
| 106 | 107980206 | 40 | 45589281 | 17 | 49 | 42.22% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 7241 | 919802 | 927043 | 912235 | 14808 |

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-06-2024-ന് 3.00 Pm-ന് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 685/- രൂപയുടെ ക്യാഷ് ബാലൻസ് ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1.ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെ സൂക്ഷിക്കേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

2.പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയ വിലയിരുത്തപ്പെടുന്നതായി രേഖയില്ല. വാർഷിക പദ്ധതി പ്രകാരമുള്ള പ്രോജക്ടുകളു നിർവ്വഹണ പുരോഗതി കൃത്യമായ ഇടവേളകളിൽ അവലോകനത്തിന് വിധേയമാക്കുന്നി സ്റ്റാന്റിംഗ് കമ്മിറ്റികളും, വർക്കിംഗ് ഗ്രൂപ്പുകളും തങ്ങൾക്ക് ചുമതലയുള്ള മേഖലകളി പ്രോജക്ടുകളുടെ നിർവ്വഹണം ഫലപ്രദമായി മോണിട്ടറിംഗ് നടത്തുന്നില്ല. നിർവ്വഹ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുക ഉൾപ്പെടുത്തിയിട്ടില്ല.

3.വിവിധ ഗ്രാമപഞ്ചായത്തുകളിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നുണ്ടെങ്കിലു അതൊന്നും ഗ്രാമപഞ്ചായത്തിനെ അറിയിച്ച് അവരുടെ ആസ്തിയിര ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

4.സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ബിര നമ്പർ/തീയതി, വാങ്ങുന്ന സാധനങ്ങളുടെ കമ്പനി ഉൾപ്പെടെയുള്ള പൂർണ്ണമായ വിവര ഉൾപ്പെടുത്തുന്നില്ല. ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷി സ്റ്റോക്ക് ബാലൻസ് പരിശോധന നടത്തുന്നില്ല.

5.മുൻ വർഷങ്ങളിൽ ധാരാളം തുകകൾ കുടിവെള്ള പദ്ധതികൾക്കായ നിക്ഷേപിക്കുന്നുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച് ആസ്തിയായി മാറ്റപ്പെട്ടിട്ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് പോലും പരിശോധിക്കപ്പെടുന്നില്ല.

മേൽ വിഷയങ്ങളിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 പ്രോജക്ട് ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് മിനി ഓപ്പറേഷൻ തീയറ്ററിന് പകരം റെക്കോഡ് റൂം നിർമ്മിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ | 0064/24 |
| പ്രോജക്ട് | ചുനക്കര സി.എച്ച്.സിയിൽ മിനി ഓപ്പറേഷൻ തീയറ്റർ സജ്ജീകരണം |
| അടങ്കൽ | 55000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 55000/- ബിആർഎൻ നമ്പർ-23070863001000515804/04-09-23 |

മെഡിക്കൽ ഓഫീസർ സി.എച്ച്.സി നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രോജക്ടിലൂടെ ചുനക്കര സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ മിനി ഓപ്പറേഷൻ തീയേറ്റർ സജ്ജീകരിയ്ക്കാനു ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുമാണ് ലക്ഷ്യമിട്ടത്. പദ്ധതിയുടെ ഫയ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഓപ്പറേഷൻ തീയേറ്ററിനു പകരം റെക്കോഡ് റൂം നിർമ്മിച്ചതായാണ് കാണുന്നത്. പ്രോജ റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയതായി കാണുന്നില്ല.

2)പ്രോജക്ടിന്റെ എസ്റ്റിമേറ്റ് ഫയലിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

3) പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് താഴെയുള്ള പ്രവൃത്തിക ഓവർസീയർ/ എഞ്ചിനീയർ വാല്യുവേഷൻ നടത്തേണ്ടതാണ്, എന്നാൽ വാല്യുവേഷ കംപ്ളീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം.07/14-06-24 ന് നൽകി മറുപടിയിൽ ഓപ്പറേഷൻ തീയറ്ററിന് ലഭ്യമായ സ്ഥലം അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ടതിനാൽ സ്റ്റോർ മാറ്റി സ്ഥാപിച്ച് മിനി ഓപ്പറേഷൻ തീയറ്ററിനുള്ള സ്ഥല കണ്ടെത്തുകയായിരുന്നുവെന്നും തുടർനിർമ്മാണ പ്രവർത്തനങ്ങൾക്കായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ടെന്നുമാണ് അറിയിച്ചിരിയ്ക്കുന്നത്. ടി മറുപട അംഗീകരിയ്ക്കാവുന്നതല്ല.

പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ തന്നെ ചെയ്യുവാനുദ്ദേശിയ്ക്കുന്ന പ്രവൃത്തിയെക്കുറി വ്യക്തമായ ധാരണ ഉണ്ടാവേണ്ടതാണ്. കൃത്യമായ ആവശ്യകത നിർണ്ണയിക്കാതെയു സ്ഥലപരിശോധന നടത്താതെയുമാണ് മേൽ പ്രോജക്ടിന്റെ എസ്റ്റിമേ തയ്യാറാക്കിയതെന്നാണ് പ്രസ്തുത മറുപടിയിൽ നിന്നും മനസ്സിലാവുന്നത്. പദ്ധതി മാർഗ്ഗരേ (സ.ഉ(കൈ)നം.84/22 ത.സ്വ.ഭ.വ. തീയതി 19/04/22) ഖണ്ഡിക 3-5-1 ൽ പ്രോജ രൂപീകരണത്തിന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മേൽ ഖണ്ഡികയുടെ 7-ാ ഭാഗത്ത് നിർമ്മാണ പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കുമ്പോൾ തന്നെ വിശദമാ എസ്റ്റിമേറ്റ് കൂടി തയ്യാറാക്കി അതിന് അനുസൃതമായി ഡാറ്റ എൻട്രി നടത്തണമെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ടി നിർദ്ദേശങ്ങളൊന്നും തന്നെ ഇവിടെ പാലിച്ചിട്ടില്ല. അംഗീകൃത പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഇനങ്ങൾക്ക് തുക ചെലവഴിക്കുമ്പോൾ പ്രോജക്ട് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയ ശേഷമേ നടപ്പാക്കാ പാടുള്ളു. മാത്രമല്ല ഇത് സംബന്ധിച്ച കമ്മിറ്റി തീരുമാനവും ലഭ്യമാക്കിയിട്ടി നടപടിക്രമങ്ങൾ പാലിയ്ക്കാതെയും സർക്കാർ മാനദണ്ഡങ്ങൾ പാലിയ്ക്കാതെയു നടപ്പാക്കിയ ടി പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച 55000/- രൂപയുടെ ചെലവ് ഓഡിറ്റി നിരാകരിയ്ക്കുന്നു.

## 1-11 NSS കരയോഗം - മേളയ്ക്കാട്ട് അയ്യത്ത് ഏലാ റോഡ് ടാറിംഗ് പ്രവൃത്തി -ബാലൻസ് തുക കണക്കാക്കിയതിൽ അപാകത -പ്രവൃത്തി മൂല്യത്തേക്കാൾ അധികമായി കരാറുകാരന് തുക കൈമാറി

പ്രവൃത്തിയുടെ പേര് - പാലമേൽ ഗ്രാമ പഞ്ചായത്ത് വാർഡ് 14 NSS കരയോഗം - മേളയ്ക്കാ അയ്യത്ത് ഏലാ റോഡ് ടാറിംഗ്

*അടങ്കൽ-900000/-(വികസന ഫണ്ട്)

*ചെലവ്-860659/-വികസന ഫണ്ട്)

നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

(*സ്പിൽ ഓവർ ഉൾപ്പെടെ 2022-23, 2023-24 വർഷങ്ങളിലെ ആകെ അടങ്കലും ചെലവും)

2023-24 (സ്പിൽ ഓവർ)

| | |
|---|---|
| പ്രോജക്ട് നമ്പർ | 149/24 |
| അടങ്കൽ | 60659/- |
| ചെലവ് | 60659/- |
| ഫണ്ടിനം | വികസന ഫണ്ട് |
| ബിൽ നമ്പർ | 278/16-02-24 |
| പി.എ.സി | 729083/- |
| കരാറുകാരൻ | ശ്രീ.ഷാജു.റ്റി |
| എഗ്രിമെന്റ് നം. | 18/AE/BBP/LID&EW/ 2022-23/4.03.2023 |
| പ്രവൃത്തി പൂർത്തീകരിച്ചത് | 24.03.2023 |

മുൻ വർഷം പൂർത്തിയായ മേൽ പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം (ജി.എസ്.റ്റ ഉൾപ്പെടെ) 859526/- രൂപയാണ്. ഇതിൽ 800000/- രൂപ 2022-23 ലും 60659/- രൂപ 2023-24 ലും ഉൾപ്പെടെ ആകെ 860659/- രൂപ കരാറുകാരന് കൈമാറുകയുണ്ടായി. ബാലൻസ് തു

കണക്കാക്കിയതിലെ അപാകത മൂലം കരാറുകാരന് 1133/- അധികം നല്കാനിടയായ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ബിൽ വിശദാംശങ്ങൾ**

**(1) CC Ist & Part Bill (2022-23)**

| | | |
|---|---|---|
| 1. | കൈമാറിയ തുക | 658567/- (18% ജി.എസ്.റ്റി ഉൾപ്പെടെ)<br>M-BookNo.44306/2022 |
| 2. | ബിൽ നം., തീയതി | BRN22070863001501489550/27.3.2023 |
| **(2) CC 2nd Bill(2022-23)** | | |
| 3. | കൈമാറിയ തുക | 141433/- (18% ജി.എസ്.റ്റി ഉൾപ്പെടെ) |
| 4. | ബിൽ നം., തീയതി | BRN22070863001501519226/28.3.2023 |
| **(3) CC Final Bill (തൻവർഷം)** | | |
| 5. | തൻ വർഷം കൈമാറിയ തുക | 60659/- |

| | | |
|---|---|---|
| 6. | ബിൽ നം., തീയതി | 278/16-02-24 |
| 7. | രണ്ട് വർഷങ്ങളിലായി ആകെ ചെയ്ത പ്രവൃത്തി മൂല്യം | 658567+200959=859526/-(18% ജി.എസ്.റ്റി ഉൾപ്പെടെ) |
| 8. | കരാറുകാരന് 3 ബില്ലുകളിലായി ആകെ നൽകിയ തുക | 860659/-<br>(CC1st+CC 2nd+CC Final) |
| 9. | കരാറുകാരന് അധികമായി നൽകിയത് | 860659-859526=1133/- |

പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ലഭ്യമ കരാറുകാരന് തുക അധികമായി നൽകിയതിന് വിശദീകരണം ഹാജരാക്കാനാവശ്യപ്പെ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/2023-24/15.06.2024) അധികം നൽകിയ തു കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭിച്ച പ്രവൃത്തി പൂർത്തിയായ പ്രോജക്ട് ഫയലുകളിൽ മോണിട്ടറിംഗ് സമിതി റിപ്പോർ

സൂക്ഷിക്കേണ്ടതാണ്. തുക തിരികെ ഈടാക്കി അറിയിക്കുന്നതുവരെ അധികമായ ചെലവഴിച്ച 1133/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-12 വനിതാ സ്വയംതൊഴിൽ സംരംഭങ്ങൾ - സബ്സിഡി അനുവദിച്ചെങ്കിലും സംരംഭങ്ങൾ ആരംഭിച്ചില്ല

പ്രോജക്റ്റ് നമ്പർ - S0055/23-24

അടങ്കൽ - 2925000/-( വികസന ഫണ്ട്-ജനറൽ)

ചെലവ് - 15,18,750/-

നിർവ്വഹണം – ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ട കുറഞ്ഞത് പേരെങ്കിലുമുള്ള വനിതാ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതി സബ്സിഡി അനുവദിക്കുന്നതാണ് പദ്ധതി.

ഈ പദ്ധതിയിലുൾപ്പെടുത്തി 9 സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 168750/- രൂപ വീത സബ്സിഡി അനുവദിച്ചിട്ടുണ്ട്. ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം എന്നിവ കൂട ലഭ്യമാക്കിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ,

| ക്രമ നം. | | ബില്ലിന്റെ വിശദാംശം | |
|---|---|---|---|
| 1 | യൂണിറ്റി സ്വയം തൊഴിൽ സംരംഭം, നൂറനാട് - കായപ്പൊടി | BRN -1053232/10.01.24<br>168750/- | 02.05.24 ൽ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | നിർമ്മാണ യൂണിറ്റ് | | |
| 2 | പരബ്രഹ്മ ഫുഡ്സ്, നൂറനാട് - | BRN -1112824/24.01.24 168750/- | 03.05.24 ൽ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. |
| 3 | ഓർക്കിഡ് സ്വയം തൊഴിൽ സംരംഭം, പാലമേൽ - സ്റ്റിച്ചിംഗ് ഗാർമെന്റ് നിർമ്മാണ യൂണിറ്റ് | BRN -1112824/24.01.24 168750/- | 16.05.24 ൽ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. |
| 4 | പഞ്ചമി സ്വയം തൊഴിൽ സംരംഭം - ഗാർമെന്റ് മാനുഫാക്ച്ചറിംഗ് | BRN -1145743/31.01.24 168750/- | തുക 25.03.24 ൽ ക്രെഡിറ്റ് ആയിട്ടുണ്ട്. സംരംഭം ആരംഭിച്ചിട്ടില്ല |
| 5 | എം.എസ് കാറ്ററിംഗ്, വള്ളികുന്നം | BRN -1145743/31.01.24 168750/- | തുക 26.03.24 ൽക്രെഡിറ്റ് ആയിട്ടുണ്ട്. സംരംഭം ആരംഭിച്ചിട്ടില്ല |
| 6 | പുലരി സ്വയം തൊഴിൽ സംരംഭം, | BRN -1537640/25.03.24 168750/- | തുക ക്രെഡിറ്റ് ആയിട്ടുണ്ട്. സംരംഭം ആരംഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| | വള്ളികുന്നം -സ്റ്റുഡിയോ | | |
| 7 | സാനൂസ് സ്വയം തൊഴിൽ സംരംഭം, വള്ളികുന്നം-ഗാർഡൻ/നഴ്സറി | BRN -1537662/25.03.24 168750/- | തുക അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല. സംരംഭം ആരംഭിച്ചിട്ടില്ല. 6.5.24 ലും ട്രഷറി ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| 8 | ഒരുമ സ്വയം തൊഴിൽ സംരംഭം, നൂറനാട് -ബേക്കറി & സ്റ്റേഷനറി | BRN -1537679/25.03.24 168750/- | തുക 27.03.24 ൽ ക്രെഡിറ്റ് ആയിട്ടുണ്ട്. സംരംഭം ആരംഭിച്ചിട്ടില്ല |
| 9 | കേരള കിച്ചൻ സ്വയം തൊഴിൽ സംരംഭം, ചുനക്കര | BRN -1537701/25.03.24 168750/- | 24.05.24 ൽ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. കേരള ബാങ്കിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും പാസ് ബുക്കിന്റെ പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. |

മേൽ പറഞ്ഞ ഫയലിലൊന്നും തന്നെ പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധി
മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല. ആകെ 9 ഗ്രൂപ്പുകൾക്ക് സബ്സിഡി അനുവദിച്ചതിൽ 4 ഗ്രൂപ്പുക
മാത്രമാണ് ഉദ്ഘാടനം ചെയ്തിട്ടുള്ളത്. വള്ളികുന്നം സാനൂസ് സ്വയം തൊഴിൽ സംരംഭത്തി
തുക ലഭിച്ചിട്ടുമില്ല. മറ്റ് 4 ഗ്രൂപ്പുകൾ (ക്രമ നം.4,5,6,8) സംരംഭം ഇതേ വരെ ആരംഭിച്ചിട്ടുമി
സംരംഭങ്ങൾ ആരംഭിക്കാത്തത് സംബന്ധിച്ച് കരാർ ചമച്ച ഗ്രൂപ്പുകൾക്ക് കത്ത
നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭിച്ചതായി കാണുന്നില്ല. ഉദ്ഘാടനം ചെയ്ത
ഗ്രൂപ്പുകളുടേയും മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ പറഞ്ഞ
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡി
അന്വേഷണത്തിന് (നം. 14/15.06.24) മറുപടി ഹാജരാക്കിയില്ല.

മോണിട്ടറിംഗ് റിപ്പോർട്ട് ഇതേ വരെയും ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തി
സംരംഭങ്ങളുടെ നിലവിലെ അവസ്ഥ വ്യക്തമല്ല. ആയതിനാൽ ഈ പദ്ധതിക്ക് ചെലവഴി
15,18,750/-രൂപ താത്കാലികമായി തടസ്സപ്പെടുത്തുന്നു. സംരംഭം തുടങ്ങാത്ത ഗ്രൂപ്പുക
കൊണ്ട് പ്രവർത്തനം ആരംഭിക്കുന്നതിനും ഉദ്ഘാടനം ചെയ്ത ഗ്രൂപ്പുകളെ നിരന്തര
മോണിട്ടറിംഗിന് വിധേയമാക്കേണ്ടതുമാണ്. കരാർ നിബന്ധനയ്ക്ക് അനുസൃതമായി സംരംഭ
നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയവർ നിലവിലും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

പട്ടികജാതി വികസന ഓഫീസർ ഹാജരാക്കിയ രജിസ്റ്റർ പരിശോധിച്ചതി
മുൻവർഷങ്ങളിൽ എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിന് ധനസഹായ
കൈപ്പറ്റിയവർ നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

| അപേക്ഷകന്റെ പേര്/ വിദ്യാർത്ഥിയുടെ പേര് | കൈപ്പറ്റിയ തുക | വർഷം | ബിൽ നം., തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| രാമചന്ദ്രൻ, കുറ്റിയിൽ/ശ്യാം ചന്ദ്രൻ | 1,50,000/- | 2019-20 | 50,000/- 13/19-20/ 15.10.2019 |
| | | | 50,000/-19/19-20/ 06.11.2019 |
| | | | 50,000/-28/19-20/ 20.01.2020 |
| വിജയൻ, തൊടുകയിൽ/ആതിര വിജയൻ | 1,00,000/- | 2019-20 | 50,000/-32/19-20/ 20.01.2020 |
| | | | 50,000/- 63000601394561/ 10.03.2020 |
| വിജയമ്മ,അനൂപ് നിവാസ്/രോഹിത്.എം | 1,50,000/- | 2020-21,2021-22 | 50,000/- 601220514/ 12.03.21 |
| | | | 50,000/- 601443181/ 31.03.21 |
| | | | 50,000/- 600437539/ 24.09.21 |
| ജയശ്രീ,പാലാണി തെക്കതിൽ/നിരഞ്ജൻ കൃഷ്ണ | 1,25,000/- | 2021-22 | 50,000.- 21/21-22/27.12.21 |
| | | | 75,000.- 33/21-22/ 23.02.22 |

| | | | |
|---|---|---|---|
| രമ്യ,എസ്,കൊട്ടാരത്തിൽ /അതിഥികൃഷ്ണ | 1,25,000/- | 2021-22,2022-23 | 50,000/- 32/21-22/18.02.22 |
| | | | 75,000.- 600175979/21-22/08.06.22 |

ആനുകൂല്യം കൈപ്പറ്റിയ ടി ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/14.06.24 ലഭ്യമാക്കിയ മറുപടിയിൽ, മുൻസാമ്പത്തിക വർഷങ്ങളിൽ പഠനമുറി ധനസഹായത്തിന ആനുകൂല്യം അനുവദിക്കുകയും പൂർത്തീകരിക്കാതെ അവശേഷിക്കുകയും ചെയ്യുന്ന എല്ലാവർക്കും ആയത് പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകുകയും കാരണ ബോധിപ്പിക്കുന്നതിന് അവസരവും നൽകിയിട്ടുണ്ടെന്നും അന്തിമമായി ഒരു അവസര കൂടി നൽകി ആയതിനോട് അനുകൂലമായി പ്രതികരിക്കാത്തവരുടെ മേൽ ഉചിതമാ നടപടികൾ കൈക്കൊള്ളുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിക്ക് ശുപാർ ചെയ്യുന്നതാണെന്നും അറിയിച്ചു. നിർമ്മാണം പൂർത്തിയാക്കാൻ സന്നദ്ധരായവർക്ക ആവശ്യമായ സഹായങ്ങൾ നൽകി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടിക സ്വീകരിക്കേണ്ടതാണ്. അല്ലാത്തവരിൽ നിന്നും നൽകിയ തുക തിരികെ ഈടാക്കാ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്ന തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-14 അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ - പ്രോജക്ടുകൾ ഭൂരിഭാഗവും നടപ്പായില്ല - പദ്ധതി ചെലവ് 10.5% മാത്രം

(I)**തൻവർഷ പ്രോജക്ടുകൾ**

2023-24 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്താനായി 2.62 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ ഇതിൽ 27.45 ലക്ഷം രൂപയുടെ

പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പായിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധ ചെലവ് **10.5%** മാത്രമാണ്. കരാർ നൽകിയ പല പ്രവൃത്തികളും യഥാസമയം ആരംഭിക്കാ സാധിച്ചിട്ടില്ല. 2023-24 വർഷം താഴെപ്പറയുന്ന പദ്ധതികൾ ടെണ്ടർ ചെയ്ത് ടെണ്ടറിൽ കുറഞ്ഞ റേറ്റ് കാട്ട് ചെയ്ത കരാറുകാർക്ക് പ്രവൃത്തി ഏൽപ്പിച്ച് നൽകുയും കരാറുകാരുമായ എഗ്രിമെന്റ് വെച്ചിട്ടുള്ളതുമാണ്. എന്നാൽ പദ്ധതി ആരംഭിച്ചതായോ പൂർത്തിയായതായ രേഖയില്ല.

| ക്രമ നം. | പ്രോജക്ട് നം., പേര് | അടങ്കൽ, ഫണ്ട് | കരാറുകാരൻ | എഗ്രിമെന്റ് നം., തീയതി |
|---|---|---|---|---|
| 1. | 112/24 പാലമേൽ ഗ്രാമ പഞ്ചായത്ത് വാർഡ് 2 പി.എച്ച്.സി വാർഡ് കമ്പഴക്കുളം നവീകരണം | 580269/- (വികസന ഫണ്ട്, സി.എഫ്.സി) | ഷീജ കമറുദ്ദീൻ | 16/AE/LID&EW/BBP/2023-24/11.3.2024 |
| 2. | 116/24 ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് വാർഡ് ആലുംതറ-സി.എസ്.ഐ പള്ളി റോഡ് | 800000/- (എസ്.സി.പി) | കൃഷ്ണൻകുട്ടി, അനന്തൻ | 13/AE/LID&EW/BBP/2023-24/5.2.2024<br>14/AE/LID&EW/BBP/2023-24/21.2.2024 |
| 3. | 147/24വള്ളികുന്നം ഗ്രാമപഞ്ചായത്ത് വാർഡ് 8 പുല്ലാട്ട് തറ കോളനി സമഗ്ര വികസനം | 750000/- (എസ്.സി.പി) | ഷീജ കമറുദ്ദീൻ | 19/AE/LID&EW/BBP/2023-24/16.3.2024 |

| | | | | |
|---|---|---|---|---|
| 4. | 153/24വള്ളികുന്നം ഗ്രാമപഞ്ചായത്ത് വാർഡ് 14 ആനയടി പുളിന്തറ റോഡ് നവീകരണം - ഒന്നാം ഘട്ടം | 647700/- (സി.എഫ്.സി) | ഷീജ കമറുദ്ദീൻ | 18/AE/LID&EW/BBP/2023-24/16.3.2024 |
| 5. | 154/24വള്ളികുന്നം ഗ്രാമപഞ്ചായത്ത് വാർഡ് 14 ആനയടി പുളിന്തറ റോഡ് നവീകരണം - രണ്ടാം ഘട്ടം | 729400/- (സി.എഫ്.സി) | ഷീജ കമറുദ്ദീൻ | 17/AE/LID&EW/BBP/2023-24/11.3.2024 |
| 6. | 35/24പാലമേൽ ഗ്രാമപഞ്ചായത്ത് വാർഡ് 18 കാഞ്ഞിരത്തുണ്ടിൽ കോളനി വികസനം | 1212100/- (എസ്.സി.പി) | ഷാജു.റ്റി | 07/AE/LID&EW/BBP/2023-24/7.10.2023 |
| 7. | 38/24പാലമേൽ ഗ്രാമപഞ്ചായത്ത് വാർഡ് 9 ആലത്തിനാൽ ചെറുവേലി വടക്ക്-ആദിക്കാട്ടുകുളങ്ങര റോഡ് | 841000/- (വികസന ഫണ്ട് ജനറൽ) | സബീന നൗഷാദ് | 06/AE/LID&EW/BBP/2023-24/4.10.2023 |

| | | | | |
|---|---|---|---|---|
| 8. | 40/24നൂറനാട് ഗ്രാമപഞ്ചായത്ത് വാർഡ് 16 കല്ലുപറമ്പിൽ കോളനി വികസനം | 1212100/- (എസ്.സി.പി) | എ.എസ്.അനന്തൻ | 08/AE/LID&EW/BBP/2023-24/10.10.2023 |
| 9. | 41/24ചുനക്കര ഗ്രാമപഞ്ചായത്ത് വാർഡ് 13 പ്ലാന്തോട്ടത്തിൽ-തട്ടരുപറമ്പിൽ റോഡ് | 750000/- (എസ്.സി.പി) | ബർകത്ത് കൺസ്ട്രക്ഷൻസ് | 09/AE/LID&EW/BBP/2023-24/11.10.2023 |
| 10. | 49/24ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് വാർഡ് 10 ചിറവട്ടത്ത് മുക്ക്-കളയ്ക്കാട്ട് മുക്ക് റോഡ് | 1212100/- (എസ്.സി.പി) | എ.എസ്.അനന്തൻ | 15/AE/LID&EW/BBP/2023-24/21.2.2024 |

മേൽ പ്രോജക്ടുകൾ കൂടാതെ സ്പിൽ ഓവറായി അംഗീകാരം ലഭിച്ച പല പ്രോജക്ടുകളു ഉപേക്ഷിച്ചവയിൽപ്പെടുന്നു. ടി വിഷയത്തിൽ തൽസ്ഥിതി വിവര ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/14.06.2024) 202 ലെ പൊതു തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ക്രമ നം.1,2,3,4,5,10 എന്ന പ്രവൃത്തികളുടെ സൈറ്റ് കൃത്യ സമയത്ത് ഹാൻഡ് ഓവർ ചെയ്യാൻ സാധിക്കാതെ വരികയും ഇതുവഴി പ്രവൃത്തി ആരംഭിക്കാൻ സാധിക്കാതെ വന്നുവെന്നും ക്രമ നം. 6, എന്നീ പ്രവൃത്തികൾ പ്രദേശവാസികളുടെ എതിർപ്പുകൊണ്ട് തുടർ പ്രവർത്തനം നടത്താ

സാധിച്ചില്ലെന്നും ക്രമ നം. 7, 8 എന്നീ പ്രവൃത്തികളുടെ പാർട്ട് ബിൽ ട്രഷറിയിര ക്യൂവിലായതുമൂലവുമാണ് പ്രവൃത്തി യഥാസമയം പൂർത്തിയാക്കാ സാധിക്കാതിരുന്നതെന്നും മറുപടി ലഭിച്ചു. അംഗീകാരം ലഭിച്ച പദ്ധതികൾ യഥാസമയ നടപ്പാക്കാൻ സാധിക്കാതിരുന്നത് പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും ഉണ്ടാ വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാ ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(Ii) **സ്പിൽഓവർ പ്രോജക്ടുകൾ**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥയായി മുൻ വർഷങ്ങളിര പൂർത്തിയാകാതിരുന്ന താഴെപ്പറയുന്ന പ്രവൃത്തികൾ തൻവർഷം സ്പിൽഓവറായ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയിരുന്നെങ്കിലും നടപ്പായില്ല.

| ക്രമ നമ്പർ | പ്രോജക്ട് നം, പ്രവൃത്തിയുടെ പേര് | അടങ്കൽ | ഫണ്ടിനം |
|---|---|---|---|
| 1 | 90/24, കാർഷിക പരിശീലന കേന്ദ്രത്തിന് അനുബന്ധ സൗകര്യമൊരുക്കൽ | 93340/- | തനത് ഫണ്ട് |
| 2 | 102/24, പുത്തൻകുളം നവീകരണം | 587651/- | സി.എഫ്.സി ഗ്രാന്റ് |
| 3 | 91/24, ബ്ലോക്ക് ഓഫീസ് ഭൗതിക | 456074/- | തനത് ഫണ്ട് |

| | | | |
|---|---|---|---|
| | സാഹചര്യം മെച്ചപ്പെടുത്തൽ | | |
| 4 | 95/24, കരിമുളയ്ക്കൽ പ്രീമെട്രിക് ഹോസ്റ്റലിലെ ശുചിത്വ സംവിധാനം മെച്ചപ്പെടുത്തൽ | 500000/- | സി.എഫ്.സി ഗ്രാന്റ് |
| 5 | 94/24, ബ്ലോക്ക് പഞ്ചായത്ത് ഘടക സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ശുചിത്വ സമുച്ചയ നിർമ്മാണവും ഇൻസിനറേറ്റർ സ്ഥാപിക്കലും | 1238500/- | സി.എഫ്.സി ഗ്രാന്റ് |
| 6 | 99/24, ഭരണിക്കാവ് ഗ്രാമ പഞ്ചായത്ത് വാർഡ് 14 മംഗലശ്ശേരി കോളനി-ദ്വാരകമുക്ക് റോഡ് റീടാറിംഗ് | 474784/- | എസ്.സി.പി |

എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ മുൻ വർഷവും (2022-23) തൻവർഷവും(2023-24) മേര പ്രവൃത്തികൾ കരാറുകാർ ഏറ്റെടുത്ത് കരാർ വെച്ചതായി രേഖയില്ല. ടി പ്രവൃത്തികൾ പാതി വഴിയിൽ ഉപേക്ഷിക്കാനുണ്ടായ കാരണവും തത്സ്ഥിതി വിവരവു ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/2023-24/14.06.2024 മറുപടി ലഭ്യമാക്കിയില്ല. അംഗീകാരം ലഭിക്കുന്ന സ്പിൽഓവർ പ്രവൃത്തികൾ യഥാസമയ നിർവഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 കാർഷിക പരിശീലന കേന്ദ്രം - കെട്ടിടം ഉദ്ഘാടനം ചെയ്തില്ല

പ്രോജക്ടിന്റെ പേര് – കാർഷിക പരിശീലന കേന്ദ്രത്തിലേക്ക് സാമഗ്രികൾ വാങ്ങൽ

പ്രോജക്ട് നം. S0110/24

ഫണ്ട് – മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)

അടങ്കൽ – 7,00,000/-

ചെലവ് – 6.79.798/- (ബിൽ നം. 01/2023-24/11.08.23)

പദ്ധതിയുടെ ഭാഗമായി 6,79,798/- രൂപ ചെലവഴിച്ച് കാർഷിക പരിശീലന കേന്ദ്രത്തിലേക സിഡ്കോ വുഡ് വർക് ഷോപ്പ്, കല്ലിമേൽ നിന്നും 100 കസേരകൾ (Teak Wood Jefferson Chair Wi Cushion Seat & Back) വാങ്ങിയിട്ടുണ്ട്. കാർഷിക പരിശീലന കേന്ദ്രം നിലവിര പ്രവർത്തനക്ഷമമാണോ, പ്രവർത്തനം ആരംഭിച്ചിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം മുൻവർഷങ്ങളിലുൾപ്പെടെ കെട്ടിട നിർമ്മാണം, അനുബന്ധ പ്രവൃത്തികൾ (വർഷ തിരിച്ചുള്ള ഫണ്ട് വിശദാംശമുൾപ്പെടെ ചെലവിന്റെ വിവരം) എന്നിവക്കായി ചെലവഴി തുകയുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തി (നം.03/13.06.24) കാർഷിക പരിശീലന കേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടില്ല എന്നും ചി പ്രവൃത്തികൾ കൂടി പൂർത്തീകരിക്കാനുണ്ടെന്നുമാണ് മറുപടി നൽകിയത്. 2020-21 മുതര സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതിയിൽ കെട്ടിടത്തിന്റെ നിർമ്മാണമുൾപ്പെടെയുള

പ്രവൃത്തികൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേനയാണ് നടപ്പാക്കിയതെന്നു
2023-24 വർഷം കസേരകളുടെ വാങ്ങൽ മാത്രമാണ് എ.ഡി.എ ഓഫീസ് മുഖേ
നടപ്പാക്കിയതെന്നും ആയതിനാൽ നിർമ്മാണത്തിനും അനുബന്ധ പ്രവൃത്തികൾക്കുമായ
ചെലവഴിച്ച തുകയുടെ വിവരം ലഭ്യമല്ല എന്നും മറുപടിയിൽ അറിയിച്ചു.
കെട്ടിടത്തിന്റെ മുൻഭാഗത്ത് ടൈൽ പാകൽ, അനുബന്ധമായുള്ള ടോയ്‌ലെറ്റിന്റെ
നിർമ്മാണം എന്നിവ പൂർത്തീകരിച്ച് കെട്ടിടത്തിന്റെ ഉദ്ഘാടനം എത്രയും വേഗ
നടപ്പിലാക്കുമെന്നാണ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും അറിയിച്ചത്. ലക്ഷങ്ങ
ചെലവഴിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം എത്രയും വേഗം നടപ്പാക്ക
കർഷകക്ഷേമത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ആവശ്യമാ
നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-16 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ - ലോഗ് ബുക്കിൽ രേഖപ്പെടുത്തൽ അപൂർണ്ണം</u>

പ്രോജക്ട് നമ്പർ 50/24, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹന
വാടകയ്ക്ക് എടുക്കൽ

അടങ്കൽ - 300000/-(തനത് ഫണ്ട്)

ചെലവ് - 266448/-(തനത് ഫണ്ട്)

നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

എഗ്രിമെന്റ് നം.02/AE/BBP/LID&EW/2023-24/18.08.2023

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക
എടുക്കൽ എന്ന പ്രോജക്ടിൽ ടെൻഡർ ക്ഷണിക്കുകയും കുറഞ്ഞ തുക (35900/-) കോട്ട് ചെ
സുമേഷ്, പാലവിള കിഴക്കേതിൽ, താമരക്കുളം എന്നയാൾക്ക് മേൽ എഗ്രിമെന്റ് പ്രകാര
കരാർ നൽകുകയുമുണ്ടായി. കരാർ പ്രകാരം ഇന്ധന ചെലവ്, വാഹന അറ്റകുറ്റപ്പണ

ഡ്രൈവറുടെ ശമ്പളം, ബാറ്റ, ടാക്സ്, ഇൻഷുറൻസ് തുടങ്ങിയ മുഴുവൻ ചെലവുകളു കരാറുകാരന്റെ ഉത്തരവാദിത്വമാണ്. സ.ഉ(കൈ)115/2022/LSGD/28.05.2022 പ്രകാര പ്രതിമാസം 2000 കി.മീ. വരെ സഞ്ചരിക്കുന്ന വാഹനങ്ങൾക്ക് പരമാവധി 36000/- രൂപ വാടം നൽകാമെന്ന് വ്യവസ്ഥയുണ്ട്. വാഹനത്തിന്റെ ഓട്ടം സംബന്ധിച്ച് ലോഗ്ബുക്കിര കൃത്യമായ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കണമെന്നും പ്രസ്തുത ഉത്തരവിര നിർദ്ദേശിക്കുന്നു.

കരാർ വാഹനമായ KL 38C 1819 മഹീന്ദ്ര സൈലോയുടെ ലോഗ് ബുക്കിലെ നിർദ്ദിഷ്ട കോളത്തിൽ വാഹനം ഔദ്യോഗിക ആവശ്യത്തിന് ഉപയോഗിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല. വാഹനത്തിന്റെ ഓട്ടം സംബന്ധി 5.03.2024 വരെ മാത്രമേ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളു. എന്നാൽ മാർച്ച് മാസത്തെ മുഴുവൻ കരാർ തുകയും കരാറുകാരന് നൽകിയിട്ടുമുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ വാഹന ഉപയോഗം വളരെ കുറഞ്ഞ മാസങ്ങളിലു പരമാവധി തുക നൽകേണ്ടി വരുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ഓടിയ ദൂരം(Km) | കരാറുകാരന് നൽകിയ തുക |
|---|---|---|
| 10/2023 | 1385 | 35900 |
| 11/2023 | 1381 | 35900 |
| 12/2023 | 1451 | 35900 |

| | | |
|---|---|---|
| 01/2024 | 1587 | 35900 |
| 02/2024 | 1239 | 35900 |

സർക്കാർ ഉത്തരവ് പ്രകാരമുള്ള പരമാവധി തുക കരാറുകാരന് നൽകുമ്പോൾ തന്നെ അതേ ഉത്തരവിലെ നിർദ്ദേശമായ ലോഗ് ബുക്ക് പരിപാലനത്തിൽ വീഴ്ച സംഭവിച്ചതായ ഓഡിറ്റിൽ വിലയിരുത്തുന്നു. ലോഗ് ബുക്കിലെ നിർദ്ദിഷ്ട കോളത്തിൽ അസിസ്റ്റന് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തൽ നടത്തേണ്ടതും 06.03.2024 മുതൽ 31.03.202 വരെയുള്ള ബാക്കി ദിവസങ്ങളിലെ വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്

## 1-17 ഭിന്നശേഷിക്കാർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ- ഗുണഭോക്താക്കൾ ലൈസൻസ് ഹാജരാക്കിയില്ല

പ്രോജക്ടിന്റെ പേര് – ഭിന്നശേഷിക്കാർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ (സ്പിൽ ഓവർ)

പ്രോജക്ട് നം. S0105/24,

നിർവഹണം – സി.ഡി.പി.ഒ

വികസന ഫണ്ട് (അടങ്കൽ) -4,13,500/-

ചെലവ് -3,94,000/- (BRN No.23070863000800806432/01.02.24)

മേൽ പദ്ധതി പ്രകാരം Ace Motors Pvt.Ltd എന്ന സ്ഥാപനത്തിൽ നിന്നും 4 ഗുണഭോക്താക്കൾക സൈഡ് വീലോടുകൂടിയ സ്കൂട്ടർ വാങ്ങി നൽകിയിട്ടുണ്ട്. ജിഒ(എം.എസ്) 115/22/ത.സ്വ.ഭ.വ 28.05.22 ഖണ്ഡിക 7.1.2 പ്രകാരം സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ കൈപ്പറ്റുന ഗുണഭോക്താക്കൾ മോട്ടോർ വാഹന വകുപ്പിന്റെ ലൈസൻസ് പിന്നീട് ഹാജരാക്കിയാൽ മതി എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നു ആനുകൂല്യം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ ലേണേ ലൈസൻസിന്റെ കാലാവധി അവസാനിച്ചിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് | ലേണേഴ്സ് ലൈസൻസിന്റെ കാലാവധി |
|---|---|
| ശിവരാമപിള്ള.പി | 30.05.23 To 29.11.23 |
| ഇബ്രാഹിംകുട്ടി | 20.04.23 To 19.10.23 |

ടി ഗുണഭോക്താക്കൾ ലൈസൻസ് പിന്നീട് ഹാജരാക്കിയിട്ടുണ്ടെങ്കിൽ വിശദാംശ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.04/13.06.24) മറുപട നൽകിയില്ല. കൂടാതെ തൻവർഷം ആനുകൂല്യം കൈപ്പറ്റിയ ശ്രീ.രാജേഷ്.എൻ എന ഗുണഭോക്താവിന്റെ ലേണേഴ്സ് ലൈസൻസിന്റെ കാലാവധി 24.07.24 വരെയാണ്. ലേണേ ലൈസൻസിന്റെ കാലാവധി അവസാനിക്കുന്ന മുറക്ക് ഗുണഭോക്താക്കൾ ലൈസൻസ നേടുന്നുണ്ടന്ന് നിർവഹണ ഉദ്യോഗസ്ഥ ഉറപ്പ് വരുത്തേണ്ടതും ടി നാല ഗുണഭോക്താക്കളുടെയും ലൈസൻസ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1-18 ടേക്ക് എ ബ്രേക്ക് പദ്ധതി- ഗ്രാമപഞ്ചായത്ത് തുക ചെലവഴിച്ചില്ല

പദ്ധതിയുടെ പേര് – ടേക്ക് എ ബ്രേക്ക് പദ്ധതി, പാലമേൽ ഗ്രാമപഞ്ചായത്തിന് ബ്ലോക വിഹിതം നൽകൽ

പ്രോജക്റ്റ് നമ്പർ – S0068/24(സ്പിൽഓവർ)

ഫണ്ട് – ധനകാര്യകമ്മീഷൻ ഗ്രാന്റ്

അടങ്കൽ – 15,00,000/-

ചെലവ് – 15,00,000/-

ബിൽ നം,തീയതി -234/06.01.24

നിർവ്വഹണം – സെക്രട്ടറി

പാലമേൽ ഗ്രാമപഞ്ചായത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതി ആരംഭിക്കുന്നതിന് ബ്ലോക

പഞ്ചായത്ത് വിഹിതം നൽകുന്നതിനായി രൂപീകരിച്ച പദ്ധതിയാണിത്. പദ്ധതിയുടെ ഭാഗമായി 15,00,000/-രൂപ നൽകിയെങ്കിലും പദ്ധതി പൂർത്തീകരിച്ചിട്ടില്ല. തുക ചെലവഴിക്കുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം നൽകുന്നതാണെന്ന് പാലമേൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ബ്ലോക്ക് പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട് (3076(1)/10.06.24 നമ്പർ കത്ത്). വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ പദ്ധതിക്കായി ചെലവഴിച്ച 15,00,000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 ബില്ലിൽ നിന്നും കുറവ് ചെയ്ത ടാർ വീപ്പയുടെ വില സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു

വികസന ഫണ്ട്/സി.എഫ്.സി ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഉപയോഗിച്ച ബാരലിന്റെ എണ്ണം | ഈടാക്കിയ ടാർ വീപ്പയുടെ വില | ഫണ്ട് ഇനം | ചെലവു വിവരം (ബിൽ നം./BRN) |
|---|---|---|---|---|---|
| 1 | പ്രോജക്റ്റ് നം. 149/24, പാലമേൽ ഗ്രാമ പഞ്ചായത്ത് വാർഡ് 14 എൻ.എസ്.എസ് കരയോഗം- | 16 | 4496/- | വികസന ഫണ്ട് (ജനറൽ) | 22070863001501489550 /27.3.2023 (658567/-)<br>278/16-02-24 (60659/-) |

| | | | | | |
|---|---|---|---|---|---|
| | മേളയ്ക്കാട്ട് അയ്യത്ത് ഏലാ റോഡ് ടാറിംഗ് | | | | |
| 2 | പ്രോജക്ട് നം.43/24, താമരക്കുളം ഗ്രാമ പഞ്ചായത്ത് വാർഡ് 10 കൈലാസ് കശുവണ്ടി ഫാക്ടറി-കൊടുവരയൽ റോഡ് | 12 | 3372/- | സി.എഫ്.സി (അൺ ടൈഡ്) | 310/24.3.24 (727666/-) |
| 3 | പ്രോജക്ട് നം.97/24, താമരക്കുളം ഗ്രാമ പഞ്ചായത്ത് വാർഡ് 8 | 14 | 3934/- | വികസന ഫണ്ട് (ജനറൽ) | 79/21.08.23 (778282/-) |

| | | | | | |
|---|---|---|---|---|---|
| | അമ്പാടിമുക്ക്-കീപ്പള്ളിമുക്ക് റോഡ് ടാറിംഗ് | | | | |

ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട സി.എഫ്.സി ഗ്രാന്റ്) അതേ ഫണ്ടിൽ തിരിച്ചടയ്ക്കണമെന്ന് ജി.ഒ.(പി)177/06 ധനം12-04-0 ഉത്തരവ് ഖണ്ഡിക 10.3 പ്രകാരം നിർദ്ദേശിക്കുന്നുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടില്ല അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പി (നം.8-13.6.2024) കുറവ് ചെയ്യുന്ന ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫ ചെയ്യാൻ മാത്രമേ പ്രൈസ്.3 വഴി സാധിക്കൂ എന്ന് നിർവഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. ടാർ ബാരൽ വില സ്ഥാപനത്തിന്റെ തനതു വരുമാന അല്ലാത്തതിനാൽ ഏതു ഫണ്ടിൽ നിന്നാണോ ബിൽ മാറിയത് അതേ ഫണ്ടിലേക തിരിച്ചടയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 സാമൂഹ്യാരോഗ്യകേന്ദ്രത്തിലേയ്ക്ക് ഹെൽത്ത് ഗ്രാന്റ് മുഖേന ഉപകരണങ്ങൾ വാങ്ങൽ- ലക്ഷ്യം കൈവരിച്ചില്ല

കേരളത്തിലെ തദ്ദേശ ഭരണസ്ഥാപനങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾക്ക് പ്രാഥമി ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായാണ് പതിനഞ്ചാം ധനകാര കമ്മീഷൻ പ്രാദേശിക സർക്കാരുകൾക്ക് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുള്ള കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിലേയ്ക്ക് ആകെ 2968.28 കോടി രൂപയാണ് അനുവദിച്ചിരിയ്ക്കുന്നത്. ടി തുക ഉപകേന്ദ്രങ്ങൾക്ക് രോഗ നിർണ്ണയസൗകര്യത്തിനും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ രോഗ നിർണ്ണയസൗകര്യത്തിനും ബ്ളോക്ക് തല പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം കെട്ടിടങ്ങൾ ഇല്ലാത്ത ഉപകേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങള സാമൂഹികാരോഗ്യകേന്ദ്രങ്ങൾ എന്നിവയ്ക്ക് സഹായം, ടി കേന്ദ്രങ്ങളെ ഹെൽത്ത്

വെൽനസ്സ് കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള സഹായം എന്നിങ്ങനെ അഞ്ചിനങ്ങൾക്കായ വിഭജിച്ച് അനുവദിച്ചിരിയ്ക്കുന്നതാണ്. അതുകൊണ്ട് തന്നെ അവയ്ക്ക് ഓരോന്നിനു കുറഞ്ഞ വിഹിതമേ ലഭ്യമാകുകയുള്ളു. ഈ സാഹചര്യത്തിൽ ആരോഗ്യമേഖലാ ഗ്രാന് വിനിയോഗിയ്ക്കുന്നത് വളരെ ശ്രദ്ധാപൂർവ്വവും യുക്തിപൂർവ്വവുമായിരിയ്ക്കണം. എന്നാൽ ചുനക്കര സാമൂഹ്യാരോഗ്യകേന്ദ്രത്തിലേയ്ക്ക് ഹെൽത്ത് ഗ്രാന്റ് മുഖേന ഉപകരണങ്ങ വാങ്ങൽ എന്ന പ്രോജക്ട് നടപ്പാക്കിയത് വേണ്ടത്ര ആസൂത്രണമോ ദീർഘ വീക്ഷണമേ ഇല്ലാതെയാണ്. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ,

| | |
|---|---|
| പ്രോജക്ട് നമ്പർ | S00156/24 |
| പ്രോജക്ട് | ചുനക്കര സാമൂഹ്യാരോഗ്യകേന്ദ്രത്തിലേയ്ക്ക് ഹെൽത്ത് ഗ്രാന്റ് മുഖേന ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 500000(ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | 98000/-<br>പി.എഫ്.എം.എസ് ട്രാൻസാക്ഷൻ ഐഡി (പേയ്മെന്റ് അഡ്വൈസ് നം.)<br>CO32488190982/31-03-24,<br>സാങ്ഷൻ ഓർഡർ നം 437/30-03-24 |

മെഡിക്കൽ ഓഫീസർ സി.എച്ച്.സി നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രോജക്ടിലൂ ചുനക്കര സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ ഉപകരണങ്ങൾ വാങ്ങുവാനാ ലക്ഷ്യമിട്ടത്. ടി പദ്ധതിയിൽ ഉൾപെടുത്തി സാമൂഹ്യാരോഗ്യകേന്ദ്രത്തിലെ ഓപ്പറേഷ

തീയറ്ററിൽ സ്റ്റീൽ ഉപയോഗിച്ച് രണ്ട് വാഷ്ബേസിനും സ്റ്റാന്റും, സ്കപയർ പൈപ്പുയോഗി
ഐ.പി വാർഡിലേയ്ക്ക് കയറുന്നിടത്ത് വാതിലും, ഫാർമസിയുടെ മുന്നിലും വാതി
നിർമ്മിച്ച ഇനത്തിൽ ശ്രീ.സുരേഷ് കുമാർ, എം.കെ എഞ്ചിനീയറിംഗ് വർക്ക്, നൂറനാ
എന്നയാൾക്ക് 98000/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതി
കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്ടിന്റെ എസ്റ്റിമേറ്റ് ഫയലിനൊപ്പം ലഭ്യമാക്കിയിട്ടില്ല.

2) പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് താഴയുള്ള പ്രവൃത്തികൾ ഓവർസീയ
എഞ്ചിനീയർ വാല്യുവേഷൻ നടത്തേണ്ടതാണ്, എന്നാൽ വാല്യുവേഷൻ/കംപ്ളീഷ
സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

3) 25000/- രൂപയ്ക്ക് മുകളിലുള്ള എല്ലാ മരാമത്ത് പ്രവർത്തികൾക്കും കപട്ടേഷൻ/ടെണ്ട
ക്ഷണിയ്ക്കേണ്ടതാണ്. ആയത് നടപ്പാക്കിയതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകപയറി (ന
11/14.06.24) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ചുനക്കര സി.എച്ച്.സി യിൽ ഓഡിറ്റ് നടത്തിയ ഭൗതികപരിശോധനയിൽ
വാഷ്ബേസിനുകളും, വാതിലിനായി നിർമ്മിച്ച ഗ്രില്ലുകളും ഇൻസ്റ്റാൾ ചെയ്യാ
സി.എച്ച്.സി യുടെ ഭിത്തിയിൽ അലക്ഷ്യമായി ചാരി വെച്ചിരിയ്ക്കുന്നതായാണ് കണ്ട
ചിത്രം ചുവടെ

 

സാമഗ്രികൾ നിർമ്മിച്ച ശ്രീ.സുരേഷ് കുമാർ, എം.കെ എഞ്ചിനീയറിംഗ് വർക്ക്സ്, നൂറനാ എന്നയാൾക്ക് 30/03/24 ൽ 98000/- രൂപ നൽകിയിട്ടുണ്ടെങ്കിലും ഇതു വരെയും ഇവ സ്ഥാപി ഉപയോഗക്ഷമമാക്കിയിട്ടില്ല. സാമഗ്രികൾ ഉപയോഗക്ഷമമാക്കി രേഖകൾ ഹാജരാക്കുന്ന വരെ പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച 98000/-രൂപയുടെ ചെലവ് ഓഡിറ്റി തടസ്സപ്പെടുത്തുന്നു.

## 1-21 ആർ.ആർ.എഫ് - ബെയിലിംഗ് യൂണിറ്റ് പ്രവർത്തനക്ഷമം, ഷ്രെഡ്ഡിംഗ് മെഷീൻ നിഷ്ക്രിയാവസ്ഥയിൽ

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലെ പ്ലാസ്റ്റിക് മാലിന്യ സംസ്ക്കരിക്കുന്നതിനായി ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഒ ആർ.ആർ.എഫ് (റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ) സ്ഥാപിക്കുകുയും പ്രവർത്തന ആരംഭിക്കുകയും ചെയ്തിരുന്നു. വിവിധ പഞ്ചായത്ത് പരിധിയിലെ പ്ലാസ്റ്റിക് മാലിന്യങ്ങ RRF ൽ എത്തിച്ച് തരം തിരിച്ച് ഷ്രെഡ്ഡിംഗും ബെയിലിംഗും ചെയ്ത് പുനരുപയോഗത്തി ഉപയോഗിക്കുകയായിരുന്നു ലക്ഷ്യം. നിർവഹണ ഏജൻസിയായ ക്ലീൻ കേരള കമ്പനി പ്രവർത്തനം ഏകോപിപ്പിച്ച് നടപ്പിലാക്കി. എന്നാൽ ഏതാനും വർഷം പ്രവർത്തിച്ച ശേഷ ടി യൂണിറ്റിന്റെ പ്രവർത്തനം മുടങ്ങുകയും പ്ലാസ്റ്റിക് മാലിന്യ നീക്ക

തടസ്സപ്പെടുകയുമുണ്ടായി. ഓഡിറ്റ് വർഷവും (2023-24) പ്രവർത്തനം നിലച്ച അവസ്ഥയിലായിരുന്നു ടി യൂണിറ്റ്. ആർ.ആർ.എഫ് പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി 12.12.2023 ൽ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തും ക്ലീൻ കേരള കമ്പനിയും തമ്മിര പുതിയ കരാർ നിലവിൽ വരുകയും 05/2024 മുതൽ ബെയിലിംഗ് യൂണി പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ബെയിലിംഗ് മെഷീ പ്രവർത്തിപ്പിക്കുന്നതിനായി 2 സ്ത്രീകളെ നിയമിച്ചിട്ടുമുണ്ട്. പുതിയ കരാർ പ്രകാര ബെയിലിംഗ് മെഷീൻ മെയിന്ററനൻസ്, തൊഴിലാളികളുടെ ശമ്പളം, വൈദ്യുതി ചാർജ് തുടങ്ങിയ നടത്തിപ്പ് ചെലവുകൾ ക്ലീൻ കേരള കമ്പനി വഹിക്കുകയും കമ്പനിയു വാർഷിക ലാഭത്തിന്റെ 50% ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന് കൈമാറുമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. പൂട്ടിക്കിടന്ന ബെയിലിംഗ് യൂണിറ്റ് തുറന്ന് പ്രവർത്തിപ്പിക്കാനായത് ബ്ലോക്ക് പഞ്ചായത്തിന്റെ മാതൃകാ പ്രവർത്തനമായി ഓഡിറ്റിൽ വിലയിരുത്തുന്നു.



ബെയിലിംഗ് മെഷീൻ



പ്രവർത്തനം നിലച്ച പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ

പ്ലാസ്റ്റിക് വേർതിരിക്കുന്നതിനും അധുനിക സൗകര്യം ഒരുക്കുന്നതിനും നിലവിലുള്ള കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുമായി അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2022-23, 2023-24 വർഷങ്ങളിലായ 14.75 ലക്ഷം രൂപ സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ബെയിലിംഗ് യൂണിറ്റിന് സമീപം 2018-19 ൽ ഒരു പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റും സ്ഥാപിച്ചിരുന്നു. ഷ്രെഡഡ പ്ലാസ്റ്റിക് വിറ്റ വകയിൽ 2018-19 വർഷം വരെ ബ്ലോക്ക് പഞ്ചായത്തിന് വരുവുണ്ടായിരുന്ന ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിക്കാതായതോടെ ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ ഡിമാന് കുറയുകയും ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ പ്രവർത്തന നിലയ്ക്കുകയും ചെയ്തു. നിഷ്ക്രിയ ആസ്തിയായി മാറിയ ഷ്രെഡ്ഡിംഗ് യൂണി

പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 സി.എച്ച്.സി – മരുന്നുകളും ഉപകരണങ്ങളും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ സി.എച്ച്.സി നടപ്പിലാക്കിയ സി.എച്ച്.സി ചുനക്കരയ്ക്ക് മരുന്ന വാങ്ങൽ എന്ന പദ്ധതിയ്ക്ക് വേണ്ടി 862633/- രൂപയും, ചുനക്കര സി.എച്ച്.സി യിലെ ബ്ലോക പബ്ലിക് ലബോറട്ടറിയിൽ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയ്ക്കു വേണ്ടി 466576 രൂപയും കേരള മെഡിയ്ക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന സ്ഥാപനത്തിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I)

| | |
|---|---|
| പ്രോജക്ട് നമ്പർ | S0013/24 |
| പ്രോജക്ട് | സി.എച്ച്.സി ചുനക്കരയ്ക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | 16,26,000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | ആകെ – 862633/-<br>1)ബി.ആർ.എൻ നമ്പർ-23070863001000244534/27-06-23-16673/-<br>2)ബി.ആർ.എൻ നമ്പർ-23070863001000840156/25-11-23 -25000/-<br>3)ബി.ആർ.എൻ നമ്പർ-23070863001000827151/22-11-23-820960/- |

ടി തുക പൂർണ്ണമായും കേരള മെഡിയ്ക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്. എന്നാൽ ഇതു വരെയും 570230/-രൂപയുടെ മരുന്നുക മാത്രമേ ലഭ്യമാക്കിയിട്ടുള്ളു. 292403/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

II)

| | |
|---|---|
| പ്രോജക്ട് നമ്പർ | 155/24 |
| അടങ്കൽ | 500000/- ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | 466576/-<br>പി.എഫ്.എം.എസ് ട്രാൻസാക്ഷൻ ഐ.ഡി-C0324714955149/28-03-24 |

ടി തുക പൂർണ്ണമായും കേരള മെഡിയ്ക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്. എന്നാൽ ഇതുവരെയും ഉപകരണങ്ങ സ്ഥാപനത്തിൽ ലഭ്യമായിട്ടില്ല.

ഉപകരണങ്ങളും മരുന്നുകളും ലഭ്യമാകുന്നത് വരെ മരുന്നുകൾ വാങ്ങുവാൻ വേണ്ട ചെലവഴിച്ച 292403/- രൂപയുടെ ചെലവും ഉപകരണങ്ങൾ വാങ്ങാൻ വേണ്ടി ചെലവഴി 466576/-രൂപയുടെ ചെലവും ചേർത്ത് ആകെ 758979/-(292403+466576) രൂപയുടെ ചെലവ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി ജീവനക്കാരുടെ സേവനവിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധത നടത്തിപ്പിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി കരാറടിസ്ഥാനത്തിൽ നിലവിൽ ( ജീവനക്കാർ ജോലി ചെയ്തുവരുന്നു. ഒരു അക്രെഡിറ്റഡ് എൻജിനീയറും രണ്ട് ഡാറ്റാ എൻട്ര ഓപ്പറേറ്റർമാരും എന്ന നിലയ്ക്കാണ് സ്ഥാപനം ജീവനക്കാരെ നിയമിച്ചിട്ടുള്ളത്.

ടി ജീവനക്കാർ സറണ്ടർ ചെയ്ത 2021-22 സാമ്പത്തിക വർഷം മുതലുള്ള 15 ദിവസം വീതമുള്ള ആർജ്ജിതാവധിയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.(കൊറോണ സാമ്പത്തിക പ്രതിസന്ധി കാരണം 2021-22 വർഷത്തെ സറണ്ടർ 2022-23 ലാണ് നൽകിയത്)

| ക്രമ നം. | ചെക്ക് നം./ തീയതി | തുക | കാലയളവ് |
|---|---|---|---|
| 1) | 8487093/29-03-23 | 39770 | 2021-22 |
| 2) | 8487096/31-03-23 | 39770 | 2022-23 |
| 3 | 1480307/20-03-24 | 39770 | 2023-24 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കരാർ ജീവനക്കാരുടെ നിയമനം ഓരോ വർഷവു ദീർഘിപ്പിച്ച് നൽകുന്നതിനാൽ കെ.എസ്.ആർ. ഭാഗം-1, അനുബന്ധം-8, ചട്ടം-1 ൽ പറയുന്ന പ്രകാരം അവധി ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട് എന്ന് വിശദമാക്കുന്നുണ്ട്. കൂടാതെ 18/05/2011 ലെ സർക്കുലർ നം.18805/MGNREGS.Cell.01/10/CRD തീയതി 18/05/2011 പ്രകാരം 1 ദിവസത്തെ ഡ്യൂട്ടിയ്ക്ക് 1 ആർജ്ജിതാവധി എന്ന നിലയിൽ ഒരു വർഷം പരമാവധി 1 അവധി എന്ന പരിധിയ്ക്ക് വിധേയമായി ആർജ്ജിതാവധിക്ക് അർഹതയുണ്ടെന്നു ഇത്തരത്തിൽ ആർജ്ജിച്ചെടുത്ത അവധി വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയത് കുറച്ച് ബാക്ക ഒരു ധനകാര്യവർഷം 30 ൽ കവിയാതെ ആർജ്ജിതാവധി സറണ്ടർ ചെയ്യാവുന്നതു ആണെന്ന് പ്രസ്തുത ഉത്തരവിൽ പറയുന്നുണ്ട്. അതിനാൽ ആർജ്ജിതാവധിയുൾപ്പെടെയുള്ള ഇനത്തിലുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുള്ളതിനാൽ സേവനപുസ്തകം കൃത്യമായ തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. തുടർച്ചയായി അവധികൾ സറണ്ടർ ചെയ്യേണ്ട വരുന്നതിനാൽ സേവനപുസ്തകം സൂക്ഷിയ്ക്കുന്നത് അവധികൾ പരിശോധിയ്ക്കുന്നതിന സഹായകരമാകും. ഇത്തരത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ് ൽ പ്രവർത്തിയ്ക്കുന്ന ജീവനക്കാർക്ക് സേവനപുസ്തകം തയ്യാറാക്കിയതായി കാണുന്നില്ല. സേവനപുസ്തകം ഇല്ലാതെ ജീവനക്കാരുടെ ലീവ് അക്കൗണ്ട് എങ്ങനെ തയ്യാറാക്കിയെന്നത് വിശദീകരിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.1/13–06-24)ക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ ജീവനക്കാർക്ക് സേവനപുസ്തകം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പ്രോജക്ട് ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് മിനി ഓപ്പറേഷൻ തീയറ്ററിന് പകരം റെക്കോഡ് റൂം നിർമ്മിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ | 0064/24 |
| പ്രോജക്ട് | ചുനക്കര സി.എച്ച്.സിയിൽ മിനി ഓപ്പറേഷൻ തീയറ്റർ സജ്ജീകരണം |
| അടങ്കൽ | 55000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 55000/-<br>ബിആർഎൻ നമ്പർ-23070863001000515804/ 04-09-23 |

മെഡിക്കൽ ഓഫീസർ സി.എച്ച്.സി നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രോജക്ടിലൂ
ചുനക്കര സാമൂഹ്യരോഗ്യ കേന്ദ്രത്തിൽ മിനി ഓപ്പറേഷൻ തീയേറ്റർ സജ്ജീകരിയ്ക്കാനു
ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുമാണ് ലക്ഷ്യമിട്ടത്. പദ്ധതിയുടെ ഫയ
പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഓപ്പറേഷൻ തീയേറ്ററിനു പകരം റെക്കോഡ് റൂം നിർമ്മിച്ചതായാണ് കാണുന്നത്. പ്രോജ
റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയതായി കാണുന്നില്ല.

2)പ്രോജക്ടിന്റെ എസ്റ്റിമേറ്റ് ഫയലിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

3) പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് താഴെയുള്ള പ്രവൃത്തിക
ഓവർസീയർ/ എഞ്ചിനീയർ വാല്യുവേഷൻ നടത്തേണ്ടതാണ്. എന്നാൽ വാല്യുവേഷ
കംപ്ളീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം.07/14-06-24 ന് നൽകി
മറുപടിയിൽ ഓപ്പറേഷൻ തീയറ്ററിന് ലഭ്യമായ സ്ഥലം അപര്യാപ്തമാണെ
ബോധ്യപ്പെട്ടതിനാൽ സ്റ്റോർ മാറ്റി സ്ഥാപിച്ച് മിനി ഓപ്പറേഷൻ തീയറ്ററിനുള്ള സ്ഥല
കണ്ടെത്തുകയായിരുന്നുവെന്നും തുടർനിർമ്മാണ പ്രവർത്തനങ്ങൾക്കായി അസിസ്റ്റന്
എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ടെന്നുമാണ് അറിയിച്ചിരിയ്ക്കുന്നത്. ടി മറുപ
അംഗീകരിയ്ക്കാവുന്നതല്ല.
പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ തന്നെ ചെയ്യുവാനുദ്ദേശിയ്ക്കുന്ന പ്രവൃത്തിയെക്കുറി
വ്യക്തമായ ധാരണ ഉണ്ടാവേണ്ടതാണ്. കൃത്യമായ ആവശ്യകത നിർണ്ണയിക്കാതെയു
സ്ഥലപരിശോധന നടത്താതെയുമാണ് മേൽ പ്രോജക്ടിന്റെ എസ്റ്റിമേ
തയ്യാറാക്കിയതെന്നാണ് പ്രസ്തുത മറുപടിയിൽ നിന്നും മനസ്സിലാവുന്നത്. പദ്ധതി മാർഗ്ഗരേ
(സ.ഉ(കൈ)നം.84/22 ത.സ്വ.ഭ.വ. തീയതി 19/04/22) ഖ.3-5-1 ൽ പ്രോജക്ട് രൂപീകരണത്തി
വ്യക്തമായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മേൽ ഖണ്ഡികയുടെ 7-ാം ഭാഗത്ത് നിർമ്മാ
പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കുമ്പോൾ തന്നെ വിശദമായ എസ്റ്റിമേറ്റ് കൂടി തയ്യാറാക്ക
അതിന് അനുസൃതമായി ഡാറ്റ എൻട്രി നടത്തണമെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ളതാണ

എന്നാൽ ടി നിർദ്ദേശങ്ങളൊന്നും തന്നെ ഇവിടെ പാലിച്ചിട്ടില്ല. അംഗീകൃത പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഇനങ്ങൾക്ക് തുക ചെലവഴിക്കുമ്പോൾ പ്രോജക്ട് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയ ശേഷമേ നടപ്പാക്കാൻ പാടുള്ളു. മാത്രമല്ല ഇത് സംബന്ധിച്ച കമ്മിറ്റി തീരുമാനവും ലഭ്യമാക്കിയിട്ടില്ല. നടപടിക്രമങ്ങൾ പാലിയ്ക്കാതെയും സർക്കാർ മാനദണ്ഡങ്ങൾ പാലിയ്ക്കാതെയും നടപ്പാക്കിയ ടി പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച 55000 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

## 3-2 NSS കരയോഗം - മേളയ്ക്കാട്ട് അയ്യത്ത് ഏലാ റോഡ് ടാറിംഗ് പ്രവൃത്തി -ബാലൻസ് തുക കണക്കാക്കിയതിൽ അപാകത -പ്രവൃത്തി മൂല്യത്തേക്കാൾ അധികമായി കരാറുകാരന് തുക കൈമാറി

പ്രവൃത്തിയുടെ പേര് - പാലമേൽ ഗ്രാമപഞ്ചായത്ത് വാർഡ് 14 NSS കരയോഗം - മേളയ്ക്കാട്ട് അയ്യത്ത് ഏലാ റോഡ് ടാറിംഗ്

*അടങ്കൽ-900000/-(വികസന ഫണ്ട്)

*ചെലവ്-860659/-വികസന ഫണ്ട്)

നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

(*സ്പിൽ ഓവർ ഉൾപ്പെടെ 2022-23, 2023-24 വർഷങ്ങളിലെ ആകെ അടങ്കലും ചെലവും)

2023-24 (സ്പിൽ ഓവർ)

| | |
|---|---|
| പ്രോജക്ട് നം., | 149/24 |
| അടങ്കൽ | 60659/- |
| ചെലവ് | 60659/- |
| ഫണ്ടിനം | വികസന ഫണ്ട് |
| ബിൽ നം. | 278/16-02-24 |
| | |

| | |
|---|---|
| പി.എ.സി | 729083/- |
| കരാറുകാരൻ | ശ്രീ.ഷാജു.റ്റി |
| എഗ്രിമെന്റ് നം. | 18/AE/BBP/LID&EW/2022-23/4.03.2023 |
| പ്രവൃത്തി പൂർത്തീകരിച്ചത് | 24.03.2023 |

മുൻ വർഷം പൂർത്തിയായ മേൽ പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം (ജി.എസ്.റ ഉൾപ്പെടെ) 859526/- രൂപയാണ്. ഇതിൽ 800000/- രൂപ 2022-23 ലും 60659/- രൂപ 2023-24 ലും ഉൾപ്പെ ആകെ 860659/- രൂപ കരാറുകാരന് കൈമാറുകയുണ്ടായി. ബാലൻസ് തു കണക്കാക്കിയതിലെ അപാകത മൂലം കരാറുകാരന് 1133/- അധികം നല്കാനിടയായ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## ബിൽ വിശദാംശങ്ങൾ

**(1) CC Ist & Part Bill (2022-23)**

| | | |
|---|---|---|
| 1. | കൈമാറിയ തുക | 658567/- (18% ജി.എസ്.റ്റി ഉൾപ്പെടെ)<br>M-BookNo.44306/2022 |
| 2. | ബിൽ നം., തീയതി | BRN22070863001501489550/27.3.2023 |
| **<u>(2) CC 2nd Bill(2022-23)</u>** | | |
| 3. | കൈമാറിയ തുക | 141433/- (18% ജി.എസ്.റ്റി ഉൾപ്പെടെ) |
| 4. | ബിൽ നം., തീയതി | BRN22070863001501519226/28.3.2023 |

| (3) CC Final Bill (തൻവർഷം) | | |
|---|---|---|
| 5. | തൻ വർഷം കൈമാറിയ തുക | 60659/- |
| 6. | ബിൽ നം., തീയതി | 278/16-02-24 |
| 7. | രണ്ട് വർഷങ്ങളിലായി ആകെ ചെയ്ത പ്രവൃത്തി മൂല്യം | 658567+200959=859526/-(18% ജി.എസ്.റ്റി ഉൾപ്പെടെ) |
| 8. | കരാറുകാരന് 3 ബില്ലുകളിലായി ആകെ നൽകിയ തുക | 860659/-<br>(CC1st+CC 2nd+CC Final) |
| 9. | കരാറുകാരന് അധികമായി നൽകിയത് | 860659-859526=1133/- |

പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ലഭ്യമ കരാറുകാരന് തുക അധികമായി നൽകിയതിന് വിശദീകരണം ഹാജരാക്കാനാവശ്യപ്പെ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/2023-24/15.06.2024) അധികം നൽകിയ തു കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭിച്ച പ്രവൃത്തി പൂർത്തിയായ പ്രോജക്ട് ഫയലുകളിൽ മോണിട്ടറിംഗ് സമിതി റിപ്പോർ

സൂക്ഷിക്കേണ്ടതാണ്. തുക തിരികെ ഈടാക്കി അറിയിക്കുന്നതുവരെ അധികമായ ചെലവഴിച്ച 1133/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2023-24 | 870000 | PMAY(G), SCP | 870000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 952000 | PMAY(G), SCP, TSP | 952000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തീയതി |
|---|---|---|---|---|
| 2014-15 & 2015-16 | 3-1 | 29060/- | ലിസി.എം, ഫസ്റ്റ് ഗ്രേഡ് ഓവർസിയർ | GRN-KL009058224202324M/ 16.06.2023 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിലെ വിവരം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം /ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1999-2000 | 2009-10 ക്രമ നം.75 മുതൽ 78 വരെ | 2009-10 ക്രമ നം.75 മുതൽ 78 വരെ | കൊയ്ത്തുമെതിയന്ത്ര ത്തിന്റെയും ട്രക്കി ന്റെയും മേൽനോട്ടം | നിലവിൽ പ്രവർത്തനരഹിതം. പ്രസ്തുത യന്ത്രം കണ്ടം ചെയ്യുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഡബ്ല്യു.ഡി.,മെക്കാനിക്കൽ |

| | | | | |
|---|---|---|---|---|
| | | | | ഡിവിഷനോട് വാല്യുവേഷന് അപേക്ഷിച്ചു. |
| 2001-02 | 2005-06 ഖ.നം.2.16.12 | 2005-06 ഖ.നം.2.16.12 | രേഖയില്ല. 24.50 ലക്ഷം രൂപയുടെ ചെലവ് സാധൂകരിച്ചിട്ടില്ല. | 28.9.2019 ൽ നടന്ന നിയമസഭാസമിതി യോഗത്തിൽ പരാമർശം ഒഴിവാക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. |

പരാമർശം തീർപ്പാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 4-8 ചാർജ്ജ്, സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 59789180 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53461579 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 56133 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3875729 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1/1-10 | | 55000/- | ഡോ.അനിൽകുമാർ, മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി,ചുനക്കര) |
| 3-2/1-11 | | 1133 | ശ്രീമതി. ദിവ്യശ്രീ.എം.ആർ അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി |
| ആകെ | | 56133 | |

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേര്, ഉദ്യോഗപ്പേര് |
|---|---|---|
| 1-12 | 15,18,750/- | ശ്രീ. വി അശോകൻ, ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-18 | 15,00,000 | ശ്രീ. സി വി. അജയകുമാർ, സെക്രട്ടറി |
| 1-20 | 98000/- | ഡോ.അനിൽകുമാർ, മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) |

| | | |
|---|---|---|
| 1-22 | 758979/- | ഡോ.അനിൽകുമാർ,<br>മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) |
| ആകെ | **3875729** | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ) **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.അനിൽകുമാർ, മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി) | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി),ചുനക്കര | ദീപപ്രഭ, പാപ്പനംകോട്.പി.ഒ, പാപ്പനംകോട്, തിരുവനന്തപുരം |
| ശ്രീമതി.ദിവ്യശ്രീ.എം.ആർ, അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി | അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി | രേവതി അർത്തൽ, നെടിയറ.പി.ഒ, അഞ്ചൽ |
| ശ്രീ. വി. അശോകൻ, ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ, പരവൂർ നഗരസഭ | പുതുമംഗലത്ത്, ആലുംകടവ് പി.ഒ, കരുനാഗപ്പള്ളി, 690573 |

| | | |
|---|---|---|
| ശ്രീ. സി വി അജയകുമാർ, സെക്രട്ടറി | ബി.ഡി.ഒ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | ചേലക്കാട്ടത്ത്കാരയ്മ, വള്ളികുന്നം.പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2008- 09 വരെ | എൽ.എഫ്.ജി.എ5/ബി.പി.അദാലത്ത് 26/100/14/31.3.14 |
| 2009- 10 | എൽ.എഫ്.ജി.എ5/ബി.പി.അദാലത്ത് 29.1.14 |
| 2010-11 & 2011-12 | എൽ.എഫ്.എ1/ബി.പി.595/13, തീയതി.10.12.13/22.3.14 |
| 2012- 13 | എൽ.എഫ്.എ.ബി.പി./300/15/28.3.15 |
| 2013-14 | കെ.എസ്.എ.എ.പി.ഇസഡ്/ബി.പി.1073/2015/12.8.15/7.9.15 |
| 2014-15 & 2015-16 | കെ.എസ്.എ.എ.എൽ.പി./ബി.പി.240/2017/14.3.17 |
| 2016-17 | കെ.എസ്.എ.എ.എൽ.പി./ബി.പി.1464/17/8.12.17 |
| 2017-18 | കെ.എസ്.എ.എ.എൽ.പി./ബി.പി.111/2019/ 17.01.2019 |
| 2018-19 | കെ.എസ്.എ.എ.എൽ.പി./ബി.പി.793/2019/26.09.2019 |
| 2019-20 | കെ.എസ്.എ.എ.എൽ.പി./ബി.പി.758/2022/12.07.2022 |
| 2020-21 | കെ.എസ്.എ.എ.എൽ.പി./ബി.പി./761/2022/14.07.2022 |
| 2021-22 | കെ.എസ്.എ.എ.എൽ.പി./ബി.പി./1600/2022/21.03.23 |

| | |
|---|---|
| 2022-23 | കെ.എസ്.എ-എ.എൽ.പി/ബി.പി-1446/2023/21.12.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വ
നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ട

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 03-05-2024 and submitted on 03-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Bharanickavu Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Bharanickavu Block Panchayat as on 31-03-2024

**Date: 08/08/2024** **Senior Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Bharanickavu Block Panchayat for the Year 2023-2024.

### 1.Major Observations

Nil

### 2.Other Observations

1. Statements such as notes on account,ratios etc., are not included in AFS as per the accounting rules.

2. Cash flow statement does not reflect the actuals.

3. The authenticity of corrections done in the opening balance of CFC grant(un tied) is unable to be verified.

4. The valuation of Block Panchayat assets has not been updated

5. There is no basic records of general fund and capital contribution of block panchayat

6. The Year end summary of the Deposit Register has not been prepared, accuracy of amounts not ensured.

7. The accuracy of transactions and deposits under Capital Work in Progress head has not been explained.

8. Development Fund (General) Expenditure does not match with the AFS and sulekha statement.

9. Security deposit amounts are not included under liability head.

Senior Deputy Director

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്